# ACADEMIC
# MASTER PLAN

2025-26



| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : സെന്റ് ജോസഫ്സ് ഇ എച്ച് എസ് എസ് ബത്തേരി : |
| വിലാസം | : സുൽത്താൻ ബത്തേരി |
| | : വയനാട് ജില്ല 673592 |
| | : 04936 220483 |
| സ്കൂൾ കോഡ് | 15052 |
| വിദ്യാഭ്യാസ ഉപജില്ല | : സുൽത്താൻ ബത്തേരി |
| വിദ്യാഭ്യാസ ജില്ല | : വയനാട് |
| റവന്യൂ ജില്ല | : വയനാട് |
| ബി ആർ സി . | : സുൽത്താൻ ബത്തേരി |
| മുനിസിപ്പാലിറ്റി | : സുൽത്താൻ ബത്തേരി |
| ബ്ലോക്ക് | : സുൽത്താൻ ബത്തേരി |
| ജില്ലാ പഞ്ചായത്ത് | : വയനാട് |
| നിയമ സഭാമണ്ഡലം | : സുൽത്താൻ ബത്തേരി |
| ലോകസഭാമണ്ഡലം | : വയനാട് |
| താലൂക്ക് | : സുൽത്താൻ ബത്തേരി |
| വില്ലേജ് | : കുപ്പാടി |
| ഇ മെയിൽ | : stjosephschool82@gmail.com |
| സ്കൂൾ വിക്കി | : www.schoolwiki.in/15052 |

# ആമുഖം

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി ഉപജില്ലയിൽ സുൽത്താൻ ബത്തേരി എന്ന സ്ഥലത്ത്സ്ഥിതി ചെയ്യുന്ന ഒരു അൺഎയ്ഡഡ് വിദ്യാലയമാണ് St.ജോസഫ്സ് ഇ എച്ച് എസ് എസ് ബത്തേരി

വയനാട് ജില്ലയ്ക്ക് പ്രകാശം പരത്തുന്ന അക്ഷര ജോതിയായി St ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂൾ മാറിയിട്ട് 49 വർഷങ്ങൾ പിന്നിടുമ്പോൾ പിന്നോക്ക ജില്ലയായ വയനാടിന്റെ വിദ്യാഭ്യാസ മേഖലയിൽ ചരിത്രം സൃഷ്ടിക്കാൻ മലങ്കര കത്തോലിക്ക സഭയ്ക്ക് ആരംഭത്തിൽ തന്നെ സാധിച്ചു. ബത്തേരി രൂപതയുടെ കീഴിൽ എല്ലാ ഭൗതിക സാഹചര്യങ്ങളോടും കൂടി അനസ്യൂതം സെന്റ് ജോസഫ്സ് ഇംഗ്ലീഷ് ഹയർ സെക്കണ്ടറി സ്കൂൾ വളർന്നുകൊണ്ടിരിക്കുന്നു. കുടിയേറ്റ കർഷകരുടെയും കുടിയേറിപ്പാർത്ത ഉദ്യോഗസ്ഥരുടെയും, വയനാടിന്റെതന്നെയും ഭൗതിക വളർച്ച യിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ അനിവാര്യത ഉൾക്കാഴ്ചയോടെ കണ്ടറിഞ്ഞ ഭാഗ്യസ്മരണീയനായ അഭിവന്ദ്യ സിറിൾ മാർ ബസേലിയോസ് കത്തോലിക്കാബാവ 1977യിൽ ഹരിശ്രീ കുറിച്ച സരസ്വതീക്ഷേത്രം, സെന്റ് ജോസഫ്സ് ഇംഗ്ലീഷ് സ്കൂൾ നാൾവഴികൾ പിന്നിടുമ്പോൾ കേരളത്തിന്റെ സാമൂഹിക സാംസ്കാരിക ഭൗതിക മണ്ഡലങ്ങളില് ഇടംപിടിച്ച് സെന്റ് ജോസഫ്സ് ഇംഗ്ലീഷ് ഹയർ സെക്കണ്ടറി സ്കൂളായി അതിദ്രുതം വളർന്നുകൊണ്ടിരിക്കുന്നു. വയനാട്ടിലെ ആദ്യ ഇംഗ്ലീഷ് വിദ്യാലയം 1977ല് രണ്ടധ്യാപകരും രണ്ടു ക്ലാസ് മുറികളുമായ ധർമ്മപീഠത്തിനടു ത്തുണ്ടായിരുന്ന ഓടുപുരയിൽ ആരംഭിച്ചു. ഭൗതീകാന്തരീക്ഷം മെച്ചപ്പെടുത്തി ക്കൊണ്ട് 1979ൽ ഇന്നുസ്കൂൾ നിലകൊള്ളുന്ന സ്ഥലത്ത് വീണ്ടും ചെറിയ ഓലപ്പു രയിലേക്ക് മാറി. തുടർന്നങ്ങോട്ടുള്ള സ്കൂളിന്റെ വളർച്ച അതിദ്രുതമായിരുന്നു. വിവിധ ജില്ലകളിൽ നിന്നും ഉദ്യോഗാർത്ഥം വയനാട്ടിലെത്തിയ ഉന്നത ഉദ്യോഗ സ്ഥരുടെയും കുടിയേറ്റ കർഷകരുടെയും മക്കളായിരുന്നു ആദ്യകാല അധ്യേതാക്കൾ.

1977ൽ 10 കുരുന്നുകളുമായി ആരംഭിച്ച സ്കൂളിൽ ഇന്ന് 1700ലധികം കുട്ടികൾ പഠനം നടത്തുന്നു. 70 അദ്ധ്യാപകരും 14 അനദ്ധ്യാപകും 16 ബസ്സ് ജീവനക്കാരും സ്കൂളിന്റെ വളര്ച്ചയ്ക്ക് ചുക്കാൻ പിടിക്കുന്നു. 1987 മുതൽ തുടർച്ചയായി 38വർഷവും 100ശതമാനം വിജയം നേടുന്നു എന്നത് പാഠ്യമേഖലയിൽ സ്കൂളിന്റെ മികവ് വെളിപ്പെടുത്തുന്നു.

**ഈ കാലയളവിൽ സെൻ്റ് ജോസഫിനെ നയിച്ച പ്രിൻസിപ്പൽമാർ**

- റവ.സി.ജിയോവാനി എസ്.ഐ.സി (1977-79)
- റവ.സി.മാർഗരറ്റ് മേരി (1980-86)
- റവ.സി. നിർമല എസ്.ഐ.സി (1980-86)
- ശ്രീ.ജോർജ്ജ് ജോസഫ്(1986-87)
- ഫാദർ ജോൺ എരുമേട(1987)
- ഫാ.സാബു ഫിലിപ്പ് മണ്ടകത്തിൽ (1993-2001)
- ശ്രീയതി ഗീത വേണുഗോപാൽ
- ഫാ.സക്കറിയാസ് കുഴിപറമ്പിൽ
- സി.മക്രീന എസ്.ഐ.സി
- സി.മേരി ജോസഫ്
- സി.ആനീസ് മാത്യൂ
- ശ്രീ ബാബുരാജ്
- ശ്രീ ജോസ്
- ഫാ.റെനി മുടമ്പള്ളിക്കുഴി
- ഫാ.ടോണി കോഴിമണ്ണിൽ (2014-15)
- ഫാ.ബിജു മുടമ്പള്ളിക്കുഴി(2016-17)
- ഫാ. ജോർജ്ജ് കാലായിൽ(2019-20)
- ഫാ. ജോർജ്ജ് കോടാനൂർ

പാഠ്യേതര മേഖലയിൽ സംസ്ഥാന തലത്തിലും ദേശീയ തലത്തിലും സ്കുളിലെ കുട്ടികളെ മികച്ച നേട്ടങ്ങൾ കൈവരിക്കുന്നതിനായി ആഴ്ചയിൽ ഒരു ദിവസം കോ-കരിക്കുലറിനായി ക്രമീകരിച്ചിരിക്കുന്നു. നീന്തൽ,സംഗീതം,വാദ്യോപകരണം, കരാത്തെ, യോഗ, ചിത്രരചന,പേപ്പർക്രാഫ്റ്റ്,അബാക്കസ്സ്,വിവിധ ഗെയിംസുകൾ ഇവയിൽ പരിശീലനം നൽകുന്നു. പഠനവുമായി ബന്ധപ്പെട്ട വിവിധ ക്ളബ്ബുകളായ എൻ.എസ്.എസ്, സ്കൗട്ട്, ജെ.ആർ.സി എന്നിവ സജീവമായി സ്കൂളിൽ പ്രവർത്തിച്ചു വരുന്നു.ലോകത്തിലെ വിവിധ ഭാഗങ്ങളിൽ സമുന്നത പദവികൾ അലങ്കരിക്കുന്ന ഒട്ടേറെ പൂർവ്വ വിദ്യാർത്ഥികൾ സ്കൂളിനുണ്ട്. ഡോക്ടർമാരും എഞ്ചിനീയർമാരും മുതൽ സിവിൽ സർവീസ് ലഭിച്ചവരും, സിനിമാ സംവിധായകരും നടന്മാരും വരെ ഇക്കൂട്ടത്തിൽ ഉണ്ട് എന്നതും അഭിമാനത്തിന് വകനല്കുന്നു.വയനാട് ജില്ലയുടെ വിദ്യാഭ്യാസ മേഖലയിൽ മാത്രമല്ല സാമൂഹിക സാംസ്കാരിക മേഖലയിലും സ്കൂളിന്റെ സംഭാവന ഏറെയാണ്.മലങ്കര കത്തോലിക്കസഭ ബത്തേരി രൂപതയുടെ വിദ്യാഭ്യാസ വീക്ഷണങ്ങള്ക്കനുസൃതമായി പടവുകൾ താണ്ടുന്ന സരസ്വതി ക്ഷേത്രം വയനാട് ജില്ലയുടെ എന്നല്ല ലോകത്തിലെ തന്നെ വിദ്യാഭ്യാസ മേഖലയിൽ പുതിയ ചരിത്രം സൃഷ്ടിക്കുന്ന ഒന്നായി അനുസ്യൂതം വളർന്നു കൊണ്ടേയിരിക്കുന്നു.

# ലക്ഷ്യങ്ങൾ

1. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻ്റെ ഭാഗമായി പാഠ്യപദ്ധതി മുന്നോട്ടുവയ്ക്കുന്ന ലക്ഷ്യങ്ങൾ സാക്ഷത്കരിക്കുന്നതിനാവശ്യമായ അടിസ്ഥാനസൗകര്യ വികസനം സാധ്യമാക്കുക.

2. വിദ്യാർത്ഥികൾക്ക് പഠനം രസകരവും സർഗാത്മകവും ആക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക.

3. പാഠ്യേതര മേഖലകളിൽ വിദ്യാർത്ഥികളുടെ മികവ് കണ്ടെത്തി പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക .

4. ജനാധിപത്യം, മതേതരത്വം, മൂല്യബോധം എന്നിവയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം മുഴുവൻ വിദ്യാർഥികൾക്കും ലഭ്യമാക്കുക.

5. അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പ്രവർത്തനങ്ങളോടെ പശ്ചാത്തല സൗകര്യം ഒരുക്കുക.

6. അധ്യാപനവും അധ്യായനവും സർഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

# വിദ്യാലയം മികവിന്റെ കേന്ദ്രം

- പാഠ്യ പാഠ്യേതര മേഖലകളിൽ വിദ്യാർത്ഥികളുടെയും സമൂഹത്തിന്റെയും സജീവ പങ്കാളിത്തം ഉറപ്പ് വരുത്തികൊണ്ടുള്ള ഒരു വിദ്യാലയ അന്തരീക്ഷം സജ്ജമാക്കുക

- പ്രകൃതി സംരക്ഷണം, ജലസംരക്ഷണം എന്നിവയിലൂടെ ജീവന്റെ കാവലാളാകുവാനും, ആഗോളതാപനം, കാലാവസ്ഥാ വ്യതിയാനം എന്നിവമൂലം ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന ദുരന്തങ്ങളെ തടയുന്നതിനാവശ്യമായ പരിശീലനം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുക.

- പൊതു സമൂഹം ഇന്ന് നേരിടുന്ന മൂല്യ തകർച്ചയിൽ നിന്നും വിദ്യാർത്ഥികളെ രക്ഷിക്കാനും, മദ്യം, മയക്കുമരുന്നുകൾ എന്നിവയുടെ ഉപയോഗം തടഞ്ഞ് സ്ത്രീ സുരക്ഷ, സാമൂഹ്യ സമത്വം, തുല്യ നീതി, തുല്യ അവസരം എന്നീ ലക്ഷ്യങ്ങൾ നേടുവാനും ആവശ്യമായ പരിശീലനം വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും ഉറപ്പു വരുത്തുക.

- വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവ ഉറപ്പാക്കി രോഗവിമുക്തമായ ഒരു പൊതു സമൂഹത്തെ വാർത്തെടുക്കുക.

- വിദ്യാലയത്തിന്റെ അക്കാദമിക് നിലവാരം ഉയർത്തുന്നതിനും പാഠ്യപദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നേടുന്നതിനുമായി ക്ലാസ് മുറികളിൽ ഹൈടെക് സംവിധാനങ്ങൾ ഏർപ്പെടുത്തി പഠനം രസകരവും, വിജ്ഞാന പ്രദവും സർഗ്ഗാത്മകവുമാക്കി മാറ്റുക.

- ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കുക

- പാർശ്വ വൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ

# പ്രതീക്ഷിത നേട്ടങ്ങൾ

- ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം.
- സ്കൂൾ സമൂഹത്തിൽ എന്നാശയം സാക്ഷാത്കരിക്കപ്പെടുന്നു.
- വിദ്യാർത്ഥികളിൽ മൂല്യങ്ങൾ ഉറപ്പുവരുത്തുന്നു.
- ആർജിത ശേഷികൾ പരിപോഷിപ്പിക്കുന്നു
- ഭൗതിക തലത്തിലും അക്കാദമിക തലത്തിലും ഉന്നത നിലവാരം ആർജ്ജിക്കുന്നു.
- മാനവികതയിലൂന്നിയുള്ള രാഷ്ട്രതന്ത്രജ്ഞരെ വളർത്തിക്കൊണ്ടു വരിക.
- രാജ്യ പുരോഗതിക്കുതകുന്ന ഒരു തലമുറയെ വാർത്തെടുക്കുക
- ലഹരിവസ്തുക്കൾക്കടിമപ്പെടാത്ത ഒരു തലമുറയെ സൃഷ്ടിക്കുക.
- ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്ന ഒരു വിദ്യാർത്ഥ സമൂഹത്തെ ഉയർത്തി കൊണ്ടു വരിക.
- ആരോഗ്യമുള്ള ഒരു ജനതയെ സൃഷ്ടിക്കുക
- രാജ്യസ്നേഹവും ദേശബോധവുമുള്ള ജനതയെ വളർത്തുക.

# പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

1. എസ് ആർ ജി യോഗത്തിൽ സെൻറ് ജോസഫ്  ഇ.എച്ച്.എസ് സ്കൂൾ ബത്തേരി 2025 - 26 വർഷത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്തു.
2. വികസന ആവശ്യങ്ങൾ ക്ലാസ് - വിഷയം അടിസ്ഥാനത്തിൽ ഭൗതികം - അക്കാദമികം - സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
3. കരട് രൂപരേഖ എസ് ആർ ജി, പിടിഎ, എം പി ടി എ, ജനപ്രതിനിധികൾ  എന്നിവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.
4. ശിൽപ്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.
5. അക്കാദമികം - ഭൗതികം - സാമൂഹികം എന്നീ മേഖലയിലെ വിവിധ പ്രവർത്തനങ്ങൾ വിവിധ ഗ്രൂപ്പുകൾക്ക് ചുമതല ഏൽപ്പിച്ചു.
6. പിടിഎ നേതൃത്വത്തിൽ   ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ.
7. എസ് ആർ ജി യോഗത്തിൽ സെൻറ് ജോസഫ്  ഇ.എച്ച്.എസ് വിഷൻ 2030 എന്ന വികസന  കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.

# നിലവിലെ അവസ്ഥാവിശകലനം

## ഭൗതികം - നേട്ടങ്ങൾ

- നിലവിലുള്ള 36 ക്ലാസ്സുമുറികളിൽ മതിയായ സൌകര്യങ്ങൾ ഉണ്ട്.
- സ്റ്റാഫ് റൂം , ലൈബ്രറി , ഐടി ലാബ് , ഓഡിറ്റോറിയം എന്നിവിടങ്ങളിൽ മതിയായി സൌര്യകങ്ങളുണ്ട്.
- ക്ലാസ്സ് ലൈബ്രറികൾ രൂപീകരിച്ചിട്ടുണ്ട് .

## അക്കാദമിക നേട്ടങ്ങൾ

- എസ്.എസ്.എൽ.സി ബാച്ച് തുടങ്ങിയത് മുതൽ എല്ലാ കുട്ടികളെയും വിജയിപ്പിക്കാനായി .
- എ പ്ലസ് നേടുന്നവരുടെ എണ്ണം 75 ശതമാനത്തോളം ഉയർന്നു.
- ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര ,പ്രവർത്തി പരിചയമേള ,ഐടി മേള, യുവജനോത്സവം, വിദ്യാരംഗം എന്നിവയിൽ ജില്ലാസംസ്ഥാന തലങ്ങളിൽ മികച്ച പ്രകടനം.

# വാർഷിക പദ്ധതി - ദിനാചരണങ്ങൾ

## ജൂൺ

- രണ്ടാം തീയതി പ്രവേശനോത്സവം നടത്തി. ചെണ്ടമേളത്തിന്റെ അകമ്പടിയോടെ.പുതിയ വിദ്യാർത്ഥികളെ ആനയിക്കപ്പെട്ടു.
- ജൂൺ 5 പരിസ്ഥിതി ദിനാചരണം. വിവിധ മത്സരങ്ങൾ എന്നിവ പരിസ്ഥിതി ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു.
- ക്ലബ് രൂപീകരണം
  - ➢ ഇംഗ്ലീഷ് ക്ലബ്ബ് രൂപീകരണം, ഗണിത ക്ലബ് രൂപീകരണം, വിദ്യാരംഗം ക്ലബ് രൂപീകരണം എന്നിവ നടത്തുകയുണ്ടായി.
  - ➢ കുട്ടികളെ ചേ ർത്ത് ജെ ആർ സി ക്ലബ്ബുകൾ രൂപീകരിച്ചു.
- വായന പക്ഷാചരണം - പുസ്തക പരിചയം, വിവിധ മത്സരങ്ങൾ, എഴുത്തുകാരെ പരിചയപ്പെടൽ, പുസ്തക കൈമാറ്റം എന്നിവ മലയാളം ക്ലബ്ബിൻറെയും ഇംഗ്ലീഷ് ക്ലബിൻറെയും ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു.
- പ്രവർത്തി പരിചയ ക്ലബ് രൂപീകരണം - വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ പ്രവർത്തി പരിചയ ക്ലബ്ബിൻറെ നേതൃത്വത്തിൽ നടത്തുകയുണ്ടായി .
- അസംബ്ലി - ആഴ്ചയിൽ ഓരോ ദിവസം വീതം അസംബ്ലി നടത്തുന്നു.
- കുട്ടികളെ ചേ ർത്ത് നല്ല പാഠം ക്ലബ്ബുകൾ രൂപീകരിച്ചു

- മാത്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ മാസത്തിൽ ഒരു ദിവസം വെച്ച് ഗണിത ക്വിസ് നടത്തുവാൻ തീരുമാനിച്ചു.

## ജൂലൈ

- സീഡ് ക്ലബ്ബ് - സീഡ് ക്ലബ്ബിന്റെ' ആഭിമുഖ്യത്തിൽ കുട്ടികൾക്ക് ലഹരിക്കെതിരെ

  ബോ ധവൽക്കരണ ക്ലാസുകൾ നടത്തുകയുണ്ടായി.

- ജൂലൈ 14 സീഡ് ക്ലബ്ബിൻ്റെറ ആഭിമുഖ്യത്തിൽ പരിസ്ഥിതി ക്വിസ് നടത്തുകയും സമ്മാനങ്ങൾ കൊടുക്കുകയും ചെയ്തു..

## ഓഗസ്റ്റ്

- ഓഗസ്റ്റ് 5 -വിദ്യാരംഗം ക്ലബ്ബിന്റെ' ആഭിമുഖ്യത്തിൽ ഉപ ന്യാസമത്സരം

  നടത്തുകയുണ്ടായി .

- ഓഗസ്റ്റ് 6- ഹിരോഷിമാ ദിനം സ്കൂൾ ഹെഡ്മാസ്റ്റർ ബോധവൽക്കരണ ക്ലാസുകൾ നടത്തി.

- ഓഗസ്റ്റ് 9 - നാഗസാക്കി ദിനം- യുദ്ധവിരുദ്ധ പോസ്റ്റർ തയ്യാറാക്കി .

- ഓഗസ്റ്റ് 15 സ്വാതന്ത്ര്യ ദിനം - പതാക വന്ദനം ക്വിസ് മത്സരങ്ങൾ ,

ദേശഭക്തിഗാന മത്സരം എന്നിവ നടത്തുകയുണ്ടായി.

## സെപ്റ്റംബർ

- ഓണാഘോഷം - മലയാളിമങ്ക ,മാവേലിമന്നൻ മത്സരങ്ങൾ
- അധ്യാപക ദിനം ആഘോഷം- മീറ്റിംഗ് , അധ്യാപകരെ ആദരിക്കൽ
- ഓസോൺ ദിനാചരണം- പരിസ്ഥി സെമിനാർ.
- ഇംഗ്ലീഷ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്.

## ഒക്ടോബർ

- ഒക്ടോബർ 2- ഗാന്ധിജയന്തി -സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ .
- ഗാന്ധി ക്വിസ്
- ഇംഗ്ലീഷ് ഫെസ്റ്റ് - പോസ്റ്റർ നിർമ്മാണം, ഇംഗ്ലീഷ് സ്കിറ്റ് .

## നവംബർ

- നവംബർ 1 കേരളപ്പിറവി - സോഷ്യൽ സ്റ്റഡീസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കേരളപ്പിറവി.
- വിദ്യാരംഗം കലാസാഹിത്യവേദി - സാഹിത്യമത്സരങ്ങൾ
- ജെ ആർ സി - പരിസര ശുചീകരണം

## ഡിസംബർ

- എയ്ഡ്സ് ദിനാചരണം - ബോധവൽക്കരണ ക്ലാസ്
- ഭോപ്പാൽ വാതക ദുരന്ത ദിനം - വ്യവസായവൽക്കരണവും ദുരന്തഫലങ്ങളും

## ജനുവരി

- പുതുവത്സരാഘോഷം
- ആഗോളതാപനം - സെമിനാർ ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും.
- റിപ്പബ്ലിക് ദിനം - പതാക വന്ദനം, സന്ദേശം
- ഗാന്ധി അനുസ്മരണം - ഗാന്ധി പ്രതിമയിൽ പുഷ്പാർച്ചന നടത്തൽ .

## ഫെബ്രുവരി

- ഒഎൻവി ചരമദിനം അനുസ്മരണം - ഒഎൻവി കവിതകൾ പരിചയപ്പെടൽ .

## മാർച്ച്

- എസ്എസ്എൽസി കുട്ടികൾക്ക് മോട്ടിവേഷൻ ക്ലാസ് .
- പരീക്ഷയെ സമചിത്തതയോടെ നേരിടാൻ ഉള്ള പരിശീലനം.
- ട്രാഫിക് നിയമങ്ങളെ കുറിച്ചുള്ള ക്ലാസുകൾ

അക്കാദമിക മാസ്റ്റർ പ്ലാൻ -HS Malayalam

| ഹൈസ്കൂൾ | ഉപമേഖല - മലയാളം<br>പ്രവർത്തനം 1 - ഭാഷാശേഷി വികസനം | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1). എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം (ശ്രദ്ധ, നവപ്രഭ) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1). അക്ഷരം ഉറപ്പിക്കൽ<br>2).ചിഹ്നം ഉറപ്പിക്കൽ<br>3). പദ നിർമ്മാണം<br>4).വാക്യനിർമ്മാണം<br>5). ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | 2 മാസം 1 വർഷക്കാലം | മലയാളം ടീച്ചർ, | PTA, |
| 2).എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കുക | 1. ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ.<br>2.ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>3. പുതുവർഷം പുസ്തകവർഷം<br>4.ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ.<br>5. വായനക്കൊരു വാർഷിക പദ്ധതി (ഓരോ ക്ലാസ്സിലെയും വായനാലക്ഷ്യം തീരുമാനിക്കൽ)<br>6. സ്കൂൾ ലൈബ്രറി നവീകരണം<br>7.റീഡിംഗ് റൂം പ്രത്യേക സൗകര്യമൊരുക്കൽ<br>8.വായനോത്സവം<br>9.ജന്മദിന പുസ്തകം<br>10.പത്രവായന | 6 മാസം-1 വർഷം<br>ആവശ്യമനുസരിച്ച്<br>3 മാസം<br>6 മാസം-1 വർഷം | വിദ്യാരംഗം ചാർജ് മലയാളം ടീച്ചർ<br>മലയാളം അധ്യാപകർ,<br>മലയാളം ടീച്ചർ | PTA |

## ഉപമേഖല:

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക/ പിന്തുണ |
|---|---|---|---|---|
| പത്രവായന പരിപോഷിപ്പിക്കുക | പത്രവായന - പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ. | 3 മാസം | വിദ്യാരംഗം ഇൻ ചാർജ് | PTA |
| | ഓരോ ക്ലാസിനും ഓരോ പത്രം. | | " | |
| | രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം പത്ര ക്വിസ് | ദിവസേന<br>ആഴ്ചയിൽ ഒരു ദിവസം | മലയാളം അധ്യാപകർ | PTA |
| സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കുവെക്കൽ | | | |
| | സാഹിത്യക്വിസ്- രചനാ ശില്പശാല (കവിത,കഥ) | വർഷത്തിൽ 1 തവണ | | PTA |
| | കവിതാലാപന മത്സരം | മാസത്തിൽ 1 തവണ | വിദ്യാരംഗം | |
| | ക്ലാസ്തല സ്കൂൾത[illegible] പത്രം പ്രസ്[illegible]ീകരിക്കൽ | മാസത്തിൽ 1 തവണ<br>6 മാസത്തിൽ ഒരിക്കൽ | വിദ്യാരംഗം | PTA |
| | പുസ്തകചർച്ച, പുസ്തകാസ്വാദനം ഇ-വായന | മാസത്തിൽ 1 തവണ | വിദ്യാരംഗം | |
| | സാഹിത്യക്കാരനുമായി സംവദിക്കൽ | വർഷത്തിൽ 1 തവണ | വിദ്യാരംഗം | PTA |
| | അമ്മമാർക്കൊരു പുസ്തകം (വീടുകളിലേക്ക് കുട്ടികൾ വശം) | ആഴ്ചയിൽ ഒരിക്കൽ | വിദ്യാരംഗം | |

| ഉപമേഖല - ദിനാചരണങ്ങൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| വിവിധ ശേഷി കളുടെവികസം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാച രണങ്ങൾ പഠനപ്ര വർത്തനമായി സംഘടിപ്പിക്കൽ | ജൂൺ-മാർച്ച് | മലയാള അധ്യാപകർ | PTA& Management |

# ACADEMIC MASTER PLAN – MATHEMATICS

## 2025-26

**Learn Math, Live Math, Love Math**

## Vision

താരതമ്യ ബുദ്ധിയുള്ള, ആലോചനാ ശേഷിയുള്ള, പ്രശ്ന പരിഹാര ശേഷിയുള്ള, ഉത്തരവാദിത്തമുള്ള പൗരന്മാരായി വളരുന്ന കുട്ടികളെ ഗണിത ശാസ്ത്രത്തിലൂടെ രൂപപ്പെടുത്തുക.

## Mission

- എല്ലാ നിലവാരത്തിലുമുള്ള കുട്ടികൾക്കും ഐക്യദാർഢ്യത്തോടെ, സാങ്കേതിക വിദ്യയുടെ സഹായത്തോടെ, പങ്കാളിത്വം ഉറപ്പാക്കുന്ന രീതിയിൽ അധ്യാപനം നടത്തുക.

- പഠനം ആസ്വാദ്യകരവും പ്രായോഗികവുമാക്കാൻ അക്കാഡമിക്, നോൺ അക്കാഡമിക് പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക.

- ഗണിത ശാസ്ത്രം ക്ലാസ് റൂം അതിരുകൾക്ക് പുറത്തേക്ക് വ്യാപിപ്പിക്കാൻ പ്രദർശനങ്ങൾ, ദിനാചരണങ്ങൾ, മേളകൾ, മത്സരങ്ങൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുക.

# ACADEMIC & NON ACADEMIC ACTIVITIES

| MONTH | ACADEMIC FOCUS | | | NON ACADEMIC HIGHLIGHTS |
|---|---|---|---|---|
| | VIII | IX | X | |
| JUNE | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാരബോധനവും) വർഗങ്ങൾ, തുല്യത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാരബോധനവും) സമവാക്യജോഡികൾ, ബ്രിഡ്ജ്– ദശാംശ രൂപങ്ങൾ, പുതിയ സംഖ്യകൾ & ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമാന്തര ശ്രേണികൾ, വൃത്തങ്ങളും കോണകളും, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ക്ലബ് ഉദ്ഘാടനം<br>• Problem of the week - തുടക്കം<br>• Maths Bulletin Board സ്ഥാപിക്കൽ<br>• ജൂൺ 19 Pascal ജന്മദിനാചരണം |
| JULY | തുല്യത്രികോണങ്ങൾ, വർഗസമവാക്യങ്ങൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | പുതിയ സംഖ്യകൾ, ബ്രിഡ്ജ് – ത്രികോണ പരപ്പ്, സമാന്തരവരകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വൃത്തങ്ങളും, കോണകളും, സമാന്തര ശ്രേണിയും, ബീജഗണിതവും, സാധ്യതകളുടെ ഗണിതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഗണിതമേളയുമായി ബന്ധപ്പെട്ട വർക്ക് ഷോപ്പ്<br>• Weekly Maths Joutnal പ്രസിദ്ധീകരിക്കുന്നു.<br>• Maths Talent Test |
| AUGUST | ബഹുപദങ്ങൾ, സമവാക്യപരിഹാരം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | ഗുണന സമവാക്യങ്ങൾ, അഭിന്നക ഗുണനം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | രണ്ടാംകൃതി സമവാക്യങ്ങൾ, ത്രികോണമിതി, ഒന്നാം പാദവാർഷിക പരീക്ഷ & PTM | • ഗണിതക്വിസ്സ് മത്സരം<br>• ഗണിത മാഗസിൻ<br>• Peer Tutoring – Teach a Topic മത്സരം |
| SEPTEMBER | പുതിയ സംഖ്യകൾ, സമഭാജികൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | അഭിന്നക ഗുണനം, സദൃശ ത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ത്രികോണമിതി, സൂചക സംഖ്യകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സ്കൂൾ ഗണിതമേള<br>• Geo Gobra ൽ പ്രത്യേക പരിശീലനം<br>• Sep – 5 Teachers Day കുട്ടി ടീച്ചർ മത്സരം |

| | | | | |
|---|---|---|---|---|
| OCTOBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ബ്രിഡ്ജ് – വൃത്തങ്ങൾ, വൃത്തങ്ങളുടെ അളവുകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സബ്ജില്ല ഗണിത മേളക്ക് കുട്ടികളെ സജ്ജമാക്കുക.<br>• Maths Pazzle Day സംഘടിപ്പിക്കുക (2nd Week) |
| NOVEMBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | രേഖീയ സംഖ്യകൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക.<br>• '0' യുടെ പ്രാധാന്യം വിളിച്ചോതാൻ ഉതകുന്ന പ്രോഗ്രാം (Without '0' the world is nothing, Write a letter to zero)<br>• Nov-4 ശകുന്തള ദേവി |
| DECEMBER | Vol II പാഠഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | വൃത്തഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | Vol II പാഠഭാഗങ്ങൾ പൂർത്തീകരിക്കുന്നു, അർദ്ധ വാർഷിക പരീക്ഷ & PTM | • ദേശീയ ഗണിതദിനം (Dec 22) ആഘോഷം |
| JANUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | സ്തംഭങ്ങൾ, ബഹുപദ ചിത്രങ്ങൾ, അനുപാതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വിജയഭേരി | • പോസ്റ്റർ നിർമ്മാണം (Maths for Nation Building) |
| FEBRUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ്& റിവിഷൻ | അനുപാതം, സ്ഥിതി വിവരകണക്ക്, ക്ലാസ് ടെസ്റ്റ് & റിവിഷൻ | റിവിഷൻ, മോഡൽ പരീക്ഷ & PTM | • Pi - ചരിത്രവും പ്രാധാന്യവും പ്രോഗ്രാം |
| MARCH | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | • SSLC വിദ്യാർത്ഥികൾക്ക് തിരിഞ്ഞു നോട്ടം |

HOD
Maths Department

മേഖല : അക്കാദമികം ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

- ✓ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ✓ ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ✓ ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ✓ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കു.
- ✓ ഭിന്നശേഷി കുട്ടിഖൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

### എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br>അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. ✓<br>അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ✓<br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. ✓ | ഹ്രസ്വം<br>ജൂൺ – ജൂലൈ |
| ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. ✓ | മധ്യകാലം ഓഗസ്റ്റ് – സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.<br>വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.<br>കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ – ജനുവരി |

### ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ | വർക്ക് ഷീറ്റുകൾ നൽകുന്നു.<br>ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. ✓ | ഹ്രസ്വം<br>ജൂൺ – ജൂലൈ |

| | | |
|---|---|---|
| കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു. ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം ഓഗസ്റ്റ് – സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം ഡിസംബർ – നവംബർ |

**പത്താംതരം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം ജൂൺ – ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനാറിയുന്നു. സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനാറിയുന്നു. ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങലെ ആസ്പദമാക്കി, ചരിത്രകുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം നവംബർ ജനുവരി |

# മേഖല – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ. | അക്കാദമിക വർഷം | ആരോഗ്യ ക്ലബ്ബ്, ഹരിത സേന സീഡ് | കൃഷി വകുപ്പ്, ഹരിത സേന സീഡ് |
| | സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| 5) **വൈജ്ഞാനിക ബഹിർസ്ഫുരണം:** അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | |
| | സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം 1 തവണ | സയൻസ് ക്ലബ്ബ് | മാനേജ്മെന്റ് |

www.apluseducare.blogspot.com or Whatsapp 9746544422

# മേഖല – ഹൈസ്കൂൾ – സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) **അത്ഭുത കണ്ണിലൂടെ:** കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| | ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 2) **ശാസ്ത്ര ലോകത്തേക്ക്:** നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 3) **ഹൈടെക് വേൾഡ്:** മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| | സയൻസ് ലാബ്, ഐ.ടി. ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 4) **ആയുർരേഖ:** പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |

www.apluseducare.blogspot.com or Whatsapp 9746544422

# മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം.<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേർസ് | പി.ടി.എ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറുക്കുന്നതിനുവേണ്ടി English Cinema യുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേർസ്, SRG | ഇംഗ്ലീഷ് ക്ലബ്ബ്, മാനേജ്മെന്റ് |
| | Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേർസ് | |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab | ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ, SRG, ടീച്ചേർസ് | പി.ടി.എ |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ചകൾ, ക്യാമ്പ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |

# മേഖല – ഹൈസ്കൂൾ – ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം. | ക്ലാസ് പ്രവർത്തനങ്ങൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | വെക്കേഷൻ, ശനിയാഴ്ചകൾ | ടീച്ചേർസ്, പി.ടി.എ, SRG | ഇംഗ്ലീഷ് ക്ലബ്ബ് |
| | പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Reviews<br>രചനകളുടെ പ്രദർശനം (Magazine) | വർഷത്തിൽ രണ്ട് പ്രാവശ്യം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 6) സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു. | വെക്കേഷൻ (ഓണം, ക്രിസ്മസ്) | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, SRG, മാനേജ്മെന്റ് |
| | English fest, English film കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്ബ് | |
| 7) സംവാദ സദസുകൾ സംഘടിപ്പിക്കുക | Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു. | ശനിയാഴ്ചകൾ/വെക്കേഷൻ | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| | ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Poets -യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | അക്കാദമിക വർഷം രണ്ട് തവണ | | |

## ഉപമേഖല - സോഷ്യൽ സയൻസ് - മോക്ക് പാർലിമെന്റ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, മീറ്റ് ദ കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലിമെന്റ് രൂപീകരണം | | | |
| | തുടർന്ന് മോക്ക് പാർലിമെന്റ് സംഘടിപ്പിക്കൽ | വർഷത്തിൽ നാല് തവണ | SS അധ്യാപകർ, സ്കൂൾ പാർലിമെന്റ് ഭാരവാഹികൾ | |

## ഉപമേഖല - സാമൂഹ്യശാസ്ത്രം ലൈബ്രറി കോർണർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | അധികവായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസുകൾ തുടങ്ങിയവ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽ | വർഷത്തിൽ 1 തവണ | SS Teachers | - |
| | പ്രദർശിപ്പിക്കൽ തുടർന്ന് ക്ലാസ് ലൈബ്രറിയിൽ വിതരണം. | ആഴ്ചയിൽ 1 തവണ | " | - |

## ഉപമേഖല - സാമൂഹ്യശാസ്ത്ര ബുള്ളറ്റിൻ ബോർഡ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര-നൂതന അറിവുകൾ- കതലുകൾ പ്രദർശനം | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ S.S. കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കൽ. | എല്ലാ ദിവസവും ഒരു വർഷം | S.S.ക്ലബ്ബ് | Managment |

## ഉപമേഖല - പഠനയാത്രകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
|---|---|---|---|---|
| പഠനയാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ചുമർചിത്രങ്ങൾ, ക്ഷേത്രകലകൾ, കോട്ടകൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | സാമൂഹ്യപ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്രസ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ 1 തവണ | S.S.ടീച്ചേർസ് | Managment |

## ഉപമേഖല - സംവാദം, സെമിനാർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി/ സാമ്പത്തിക |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം. പ്രത്യേക വിഷയങ്ങളിൽ സെമിനാർ തുടങ്ങിയവ (കൂടുതൽ അറിയാൻ) | സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം, സെമിനാർ, പാനൽ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ 1 വീതം | SRG, S.S.Club | Managment |

# സീറോ പിരീഡ്

സ്കൂളിലെ പഠനത്തിൽ പിന്നോക്കക്കാരായ വിദ്യാർത്ഥികളെ പ്രത്യേക പരിശീലനത്തിലൂടെ പഠനനിലവാരം ഉയർത്തുന്നതിന് വേണ്ടി ഒരു സിറോപിരീഡ് ഉണ്ടാക്കുകയും ആ സമയത്ത് പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ പ്രത്യേകമായി പഠിപ്പിക്കുകയും ചെയ്യുന്നു.

കൂടാതെ ഉച്ചസമയങ്ങളിൽ മിടുക്കരായ വിദ്യാർത്ഥികളെ ഉപയോഗപ്പെടുത്തി പിന്നോക്കം നിൽക്കുന്നവർക്ക് പരിശീലനം നൽകുകയും ചെയ്യുന്നു.

# ഉപസംഹാരം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരളത്തിൽ ആകമാനം രൂപീകരിച്ചു കൊണ്ടിരിക്കുന്ന അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപീകരണ ഘട്ടങ്ങളിൽ ഈ വിദ്യാലയത്തിന്റെ സമഗ്ര പുരോഗതിക്ക് ആവശ്യമായ ഫലപ്രദമായ ചർച്ചകളും നിർദ്ദേശങ്ങളും സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരിൽ നിന്നും ലഭിക്കുകയുണ്ടായി. വിദ്യാലയം സമൂഹ പിന്തുണയോടെ മികച്ച നേട്ടങ്ങൾ കൈവരിക്കുന്നതിനുള്ള ആസൂത്രണവും അതിന്റെ നടത്തിപ്പും പൊതുജന പങ്കാളിത്തത്തോടെയും ഉത്തരവാദിത്വത്തോടെയും നടപ്പിലാക്കുന്നതിനും അങ്ങനെ വിദ്യാലയം മികവിന്റെ കേന്ദ്രങ്ങൾ ആകുന്നതിനുള്ള വിവിധ പദ്ധതികളാണ് ഈ രൂപരേഖയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് .

വിദ്യാലയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിനും അക്കാദമിക് മേഖലയിലെ പരിമിതികൾ മനസ്സിലാക്കി പരിഹാരബോധനത്തിലൂടെ പഠനം വിദ്യാർത്ഥികൾക്ക് രസകരവും വിജ്ഞാനപ്രദവും ആക്കി മാറ്റുന്നതിനാണ് ' ഈ പദ്ധതി രൂപരേഖയിൽ മുൻതൂക്കം നൽകിയിരിക്കുന്നത്. വരും വർഷങ്ങളിൽ പദ്ധതി നടത്തിപ്പിലെ പാളിച്ചകൾ തിരിച്ചറിഞ്ഞ് നിരന്തരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ സാധ്യതകളും രൂപരേഖയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ രൂപരേഖ തയ്യാറാക്കുന്നതിന് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ ഹെഡ്മാസ്റ്റർ, സ്റ്റാഫ് അംഗങ്ങൾ, പിടിഎ, എം പി ടി എ, മാനേജ്മെന്റ് എന്നിവരോടുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

**നന്ദി**